(Pages : 4) **J – 1017**

Reg. No. : .............................

Name : ..................................

## Fourth Semester B.A./B.Sc. Degree Examination, March 2020

## First Degree Programme under CBCSS

## Malayalam Language

## Language Course — Additional Language IV

## ML 1411.1 — ആശയവിനിമയം, സർഗ്ഗാത്മകരചന, ഭാഷാവബോധം

## (2018 admission)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1. മലയാളത്തിലെ വാക്യങ്ങളുടെ സ്വാഭാവികമായ പദക്രമം എങ്ങനെയാണ്?

2. ഒരു വാക്യം അവസാനിച്ചിട്ട് അതിൽ പറഞ്ഞതിനു വിശദീകരണമോ ഉദാഹരണമോ നല്കുമ്പോൾ അന്വയം അവസാനിക്കുന്നിടത്തു ചേർക്കുന്ന ചിഹ്നമേത്?

3. കാഥികന്റെ കല എന്ന ലേഖനമെഴുതിയതാര്?

4. Genius എന്ന പദത്തെ മലയാളത്തിലേയ്ക്ക് എങ്ങനെ പരിഭാഷപ്പെടുത്താം?

5. സത്യവാങ്മൂലം എന്ന വാക്കിന് ഉചിതമായ ഇംഗ്ലീഷ് തർജ്ജമ എഴുതുക.

6. Where there is a will there is a way എന്ന പഴഞ്ചൊല്ല് മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തുക.

7. വിവരസാങ്കേതികവിദ്യ നിത്യജീവിതത്തിൽ എന്ന പുസ്തകമെഴുതിയതാര്?

P.T.O.

8. Precis എന്ന വാക്കിന്റെ മലയാളവിവർത്തനമെന്ത്?

9. www - പൂർണ്ണരൂപമെന്ത്?

10. മലയാളശൈലി എഴുതിയതാര്?

**(10 × 1 = 10 Marks)**

II. ഒരു ഖണ്ഡികയിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക

11. സംഗ്രഹിക്കുക.

കവിതകൾ മധുരമായി പാടിക്കൊണ്ട് മലയാളികളെ പുളകമണിയിക്കുകയും ചിന്തോദ്ദീപകമായ കവിതകളെഴുതുകയും ചെയ്തിട്ടുള്ള കവിയാണ് വി. മധുസൂദനൻ നായർ. കുട്ടിക്കാലം മുതലേ കവിതകളെഴുതുമായിരുന്നുവെങ്കിലും. മധുസൂദനൻ നായരിലെ കവിയെ മലയാളികളറിയുന്നത് 1986-ൽ നാറാണത്തുഭ്രാന്തൻ എന്ന കവിത പ്രസിദ്ധീകരിക്കുന്നതോടെയാണ് എട്ടു വർഷത്തിനുള്ളിൽ 20 എഡിഷനുകൾ അച്ചടിച്ച ഏകമലയാളകൃതിയും ഇതാണെന്നതിൽ കവിക്ക് അഭിമാനിക്കാം.

12. ആശയം വിപുലമാക്കുക.

"നാട്യപ്രധാനം നഗരം ദരിദ്രം
നാട്ടിൻപുറം നന്മകളാൽ സമൃദ്ധം".

13. സർഗ്ഗാത്മകതയുടെ ഉറവിടമെന്ത്?

14. അനുഭവാവിഷ്കാരത്തിന്റെ സവിശേഷതകളെന്തെല്ലാം?

15. Face is index of mind, Brevity is the soul of art – മലയാളത്തിലേയ്ക്കു വിവർത്തനം ചെയ്യുക.

16. ഇംഗ്ലീഷിലേയ്ക്കു പരിഭാഷപ്പെടുത്തുക.
ഉടമ്പടി. മേല്‍നടപടി

17. റേഡിയോയുടെ സമകാലപ്രസക്തി.

18. സൈബറിടത്തിലെ സ്വാതന്ത്ര്യത്തിന്റെ സ്വഭാവമെന്ത്?

19. ഇന്റർനെറ്റിന്റെ ഉപയോഗങ്ങളെന്തെല്ലാം?

20. അച്ചടിമാധ്യമങ്ങൾ നേരിടുന്ന വെല്ലുവിളികൾ എന്തെല്ലാം?

21. വാട്ട്സ്ആപ് എന്ന സാമൂഹ്യമാദ്ധ്യമം.

22. എം ടി. യുടെ നിരീക്ഷണത്തിൽ കഥ രൂപംകൊള്ളുന്നതെങ്ങനെ?

(8 × 2 = 16 Marks)

III. **നൂറ്റിയിരുപതു** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. വാക്യരചനയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെന്തെല്ലാം? വിശദീകരിക്കുക.

24. മലയാളത്തിലുപയോഗിക്കുന്ന പ്രധാന ചിഹ്നങ്ങൾ പ്രയോഗസാഹചര്യം നല്കി പരിചയപ്പെടുത്തുക.

25. സർഗ്ഗാത്മകതയെ സംബന്ധിക്കുന്ന വിവിധ കാഴ്ചപ്പാടുകൾ വിശദീകരിക്കുക.

26. ജന്മവാസനയും എഴുത്തും തമ്മിലുള്ള ബന്ധം വിശദീകരിക്കുക.

27. മലയാളത്തിലേയ്ക്കു വിവർത്തനം ചെയ്യുക.

Amazon.com., is an American multinational technology company based in Seattle that focuses on e-commerce, cloud computing, digital streaming, and artificial intelligence. It is considered one of the Big Four tech companies, along with Google, Apple, and Facebook.

28. ഇംഗ്ലീഷിലേയ്ക്കു പരിഭാഷപ്പെടുത്തുക.

കാളിദാസമഹാകവിയെക്കുറിച്ച് അദ്ദേഹത്തിന്റെ കാലത്തോ അതിനടുത്ത കാലത്തോ ജീവിച്ചിരുന്നവരിൽ ആരുംതന്നെ ഒന്നും എഴുതിയിട്ടില്ലാത്തതുകൊണ്ട് അദ്ദേഹത്തിന്റെ കാലത്തേയും മാതാപിതാക്കന്മാരേയും വിദ്യാഭ്യാസത്തേയും ഗുരുഭൂതന്മാരേയും കുറിച്ച് അറിയുന്നതിന് ഇപ്പോൾ ശരിയായ ഒരു മാർഗ്ഗവുമില്ല. ജീവിതകഥയെക്കുറിച്ചറിയുന്നതിനു തന്നെയും ചില ഐതിഹ്യങ്ങളല്ലാതെ വേറെ ഒരാധാരവുമില്ലാതെയാണിരിക്കുന്നത്. ഐതിഹ്യങ്ങളിൽത്തന്നെ ചിലത് പരസ്പരവിരുദ്ധങ്ങളായുമിരിക്കുന്നു. അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ അനേകം പക്ഷാന്തരങ്ങളും കാണുന്നുണ്ട്.

29. ടെലിവിഷൻ ചാനലുകളുടെ സാമൂഹ്യസ്വാധീനം വിലയിരുത്തുക.

30. സൈബറിടത്തിന്റെ സർഗ്ഗാത്മകസാദ്ധ്യതകളെന്തെല്ലാം?

31. മലയാളം കമ്പ്യൂട്ടിംഗിന്റെ വർത്തമാനകാലം വിശകലനം ചെയ്യുക.

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. അവനവൻതന്നെ പ്രസാധകരാകുന്ന കാലമാണ് സൈബർസാഹിത്യത്തിന്റേത് വിശദീകരിക്കുക.

33. എം.ടി. വാസുദേവൻ നായരുടെ അഭിപ്രായത്തിൽ എഴുത്തുകാരൻ പിന്തുടരുന്ന രചനാമാർഗ്ഗങ്ങളെന്തെല്ലാം? വിശദമാക്കുക.

34. ഇന്റർനെറ്റ് അവതരിപ്പിക്കുന്ന പുതിയ വിനിമയസാദ്ധ്യതകൾ പരിചയപ്പെടുത്തുക.

35. കേരളത്തിലെ ഗ്രാമജീവിതം - ഉപന്യാസം തയ്യാറാക്കുക.

**(2 × 15 = 30 Marks)**